# പള്ളികഥകൾ

## മിനികഥകൾ

ഒന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഈ കഥകൾ ബഹുമാനപ്പെട്ട ജോസഫ് അച്ചൻ പറഞ്ഞ കഥകളാണ്. ഞാനും പ്രിയ അച്ചനും വളരെ അടുത്ത സുഹൃബന്ധത്തിൽ കഴിയുന്നവരാണ്. എന്റെ അടുക്കൽ നിന്നും വളരെയധികം ദൂരെയാണ് പ്രിയ അച്ചൻ. പ്രിയ അച്ചനെക്കുറിച്ച് കൂടുതൽ വിവരങ്ങൾളൊന്നും ഞാൻ പറയത്തില്ല; ഒരു പക്ഷേ, അച്ചന് അതിഷ്ടമല്ലായിരിക്കും.

### സ്വർഗ്ഗത്തിൽ കല്യാണം

തങ്കച്ചൻ എന്ന യുവാവ്, ഡൽഹിയ്ക്കു പോകാൻ ട്രയിനിൽ കയറിയതാണ്. അയാൾ അവിടെയാണ് ജോലി ചെയ്യുന്നത്. അവിധിയ്ക്ക് വീട്ടിൽ വന്നിട്ടു മടങ്ങുന്ന വഴിയാണ്. വണ്ടി ഏതാനം സ്റ്റേഷനുകൾ പിന്നിട്ടപ്പോൾ ഒരു യുവതി (തങ്കമണി) കൂടെ വണ്ടിയിൽ കയറി. തങ്കച്ചനഭിമുഖമായി അവൾ ഇരുന്നു. കണ്ടാൽ സമാന്യം സുന്ദരി. പ്രായത്തിന്റെ മിനുക്കു പണികൾ അവളിൽ സൗന്ദര്യത്തിന്റെ ലാഞ്ചനകൾ തേച്ചു മിനുസ്സപ്പെടുത്തിയിരുന്നു.

കുറച്ചു ദൂരം യാത്ര കഴിഞ്ഞപ്പോൾ അവർ പരിചയപ്പെട്ടു. അവളും ഡൽഹിക്കു തന്നെ യാത്ര. ആ വിവരം തങ്കച്ചന് കൂടുതൽ ഉത്സാഹവാനാക്കി. ഈ ദൂരമത്രയും വർത്തമാനം പറഞ്ഞു പോകാൻ സാധിക്കുമല്ലോ. അവൾ അവിടെ നേഴ്സായി ജോലി ചെയ്യുകയാണ്. ഏതാനം വർഷങ്ങളേ ആയിട്ടുള്ളു അവൾ നേഴ്സായിട്ട്. അവൾ ആ ആസ്പത്രിയിൽ തന്നെ പഠിച്ചതാണ്. ഹോസ്റ്റലിലാണ് താമസം.

തങ്കച്ചനും ആ ആസ്പത്രിയുടെ അടുത്താണ് ജോലിയും, താമസവും. എപ്പോഴും ജോലിയും മറ്റും കാരണം ആസ്പത്രി വാതിൽക്കൽ പോകാനോ, അവിടെയുള്ള പെണ്ണുങ്ങളെ പരിചയപ്പെടാനോ അയാൾക്ക് സാധിച്ചിട്ടില്ല. അയാൾക്കതിൽ താല്പര്യവുമില്ല. ചുരുക്കി പറഞ്ഞാൽ അയാൾ ഒരു പഞ്ചാരകുട്ടപ്പനല്ല.

ഇപ്പോൾ ഒന്നിച്ച് യാത്ര ചെയ്യേണ്ടി വന്നപ്പോൾ ഈ ദീർഘദൂരം വർത്തമാനം പറഞ്ഞു പോകാനൊരാളെ കിട്ടിയല്ലോയെന്നൊരാശ്വാസം മാത്രം. ഈ ദൂരമത്രയും ആരോടും മിണ്ടാനും പറയാനുമില്ലാതെ തനിയെ യാത്ര ചെയ്യേണ്ടി വരുമല്ലോ എന്നോർത്ത് വിഷമിച്ചിരുന്നപ്പോഴാണ് ഈ യാത്രക്കാരിയെ കിട്ടിയത്.

അയാൾ ധാരാളമായി വർത്തമാനം പറയുന്ന ആളാണ്. അവളാണെങ്കിൽ വളരെ കുറച്ചു മാത്രമേ സംസാരിക്കത്തുള്ളു. എന്നാൽ മറ്റുള്ളവരുടെ സംസാരം കേട്ടിരിക്കാൻ അവൾക്ക് അനിഷ്ടമൊന്നുമില്ല. തന്മൂലം അയാൾക്ക് ധാരാളമായി വർത്തമാനം പറയാൻ സാധിച്ചു. അയാളുടെ വർത്തമാനങ്ങൾ കേട്ട് പളുങ്കുമണികൾ കൂട്ടിയുരുമുന്നതുപോലെ പൊട്ടിചിരിച്ചു കൊണ്ടിരുന്നു. മുല്ലപ്പൂ ദന്തനിരകളുടെ അവളുടെ ചിരി വളരെ ഹൃദ്യമായി അയാൾക്ക് തോന്നി. തന്മൂലം അയാൾ പിന്നെയും പിന്നെയും ധാരാളമായ് സംസാരിക്കാൻ തുടങ്ങി. പരിസരം മറന്ന് അവർ സംസാരിക്കുകയും ചിരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

വിശപ്പു ദാഹവും വന്നപ്പോൾ അവർ വഴിയിൽ കഴിക്കാൻ കൊണ്ടു വന്ന ഭക്ഷണങ്ങൾ പങ്കുവെച്ചു. കൂടാതെ എന്തെങ്കിലും വേണമെങ്കിൽ അയാൾ ധാരാളമായി പണം ചെലവഴിച്ച് സാധനങ്ങൾ വാങ്ങി അവൾക്കു കൂടി കൊടുത്തു. പണം ചെലവാക്കുന്നതിൽ അയാൾക്ക് യാതൊരു പിശുക്കുമില്ലായിരുന്നു. പണം ചെലവാക്കാനുള്ള ആദർശശാലി ആയിരുന്നു അയാൾ. എന്നാൽ അവൾ പണം ചെലവാക്കുന്നതിൽ സ്വല്പം പിശുക്കുള്ള കൂട്ടത്തിലായിരുന്നു.

സമയം പോയതവർ രണ്ടു പേരും അറിഞ്ഞില്ല. ഇത്രയും സന്തോഷകരമായ ഒരു തീവണ്ടി യാത്ര അവർ ഇതിനു മുമ്പ് നടത്തിയിരുന്നില്ല. ദീർഘമായ യാത്ര കഴിഞ്ഞ് അവർ രണ്ടുപേരും ഡൽഹിയിൽ എത്തി. അയാൾ തന്നെ പണം ചിലവാക്കി അവളെയും കൂട്ടി യാത്ര ചെയ്ത് അവളുടെ ഹോസ്റ്റലിൽ കൊണ്ടാക്കി. വളരെയധികം പണച്ചിലവ് ലാഭമായും ഇത്രയും സുരക്ഷമായും ഒരു യാത്ര ചെയ്യേണ്ടി വന്നതിൽ അവൾക്ക് വളരെ സന്തോഷമുണ്ടായി.

അവളെ യാത്രയാക്കി അവൻ മടങ്ങി താമസസ്ഥലത്ത് എത്തി കഴിഞ്ഞാണ് അവളുമായി ഇനിയും ബന്ധപ്പെടണമെങ്കിൽ അവളുടെ ഫോൺ നമ്പരൊന്നും എടുത്തില്ലല്ലോയെന്നോർത്തത്. അവൾക്കും അതേ അബദ്ധം തന്നെ പറ്റി. അയാളുടെ വർത്തമാനം കേട്ട് ചിരിച്ചിരുന്നപ്പോൾ അയാളുടെ ഫോൺ നമ്പരൊന്നും വാങ്ങാൻ പറ്റിയില്ലല്ലോയെന്നോർത്ത് ഖേദമുണ്ടായി.

ഏകദേശം രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഐ. എൻ. ഏ. മാർക്കറ്റിൽ വെച്ച് അവർ തമ്മിൽ വീണ്ടും കണ്ടുമുട്ടി. ആ സമയം രണ്ടുപേർക്കും പറ്റിയ അബദ്ധം അവർ തിരുത്തി. അവർ രണ്ടുപേരും അവരുടെ മൊബൈൽ ഫോൺ നമ്പർ കൈമാറി. പിന്നീട് പലപ്പോഴായി അവർ പരസ്പരം ഫോണിൽ വർത്തമാനം പറഞ്ഞു. അവനെ ഫോണിൽ വിളിക്കാൻ അവൾക്ക് ആദ്യമാദ്യം വളരെ നാണമായിരുന്നു. പിന്നീട് ആ ശങ്ക മാറി. അവന്റെ മോട്ടോർ സൈക്കിളിന്റെ പിറകിൽ അവൾ യാത്ര ചെയ്തു തുടങ്ങി. പാർക്കിൽ പല സായാഹ്നങ്ങളിലും അവർ ഒന്നിച്ച് ചെലവഴിച്ചു തുടങ്ങി. അവന്റെ താമസസ്ഥലത്ത് പതിവായി അവൾ പോക്കുവരവു തുടങ്ങി. അവന്റെ താമസസ്ഥലം തൂത്തു വൃത്തിയാക്കാൻ തുടങ്ങി. അവൾ അവിടെ ഭക്ഷണങ്ങൾ പാകം ചെയ്തു ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങി. റസ്റ്റന്റുകളിൽ പോയിരുന്ന് കഴിച്ചിരുന്ന പതിവ് നിർത്തി. അനാവശ്യമായി ചിലവു ചെയ്യുന്നതു ചുരുക്കണമെന്ന് അവനെ ശാസിച്ചു തുടങ്ങി. ചുരുക്കി പറഞ്ഞാൽ കണ്ടുമുട്ടി അവർ കണ്ടുമുട്ടി ഹൃദയങ്ങൾ തമ്മിൽ ചെണ്ടകൊട്ടി. അവരറിയാതെ അവർ തമ്മിൽ അകലാൻ പറ്റാത്തവിധം അടുത്തു.

അവർ തമ്മിൽ സ്നേഹമാണെന്ന വിവരം വീട്ടുകാരെ അറിയിച്ചു. വീട്ടുകാർ തമ്മിൽ കണ്ടുമുട്ടി. അവർക്കും സന്തോഷമായി. അവരുടെ വിവാഹത്തിന്റെ തീയതിയും നിശ്ചയിച്ചു. നാട്ടിൽ പോകുന്നതിനുമുമ്പ് അത്യാവശ്യ സാധനങ്ങൾ വാങ്ങാനായി അവർ ഒന്നിച്ച് അവന്റെ മോട്ടോർ സൈക്കിളിൽ പോയപ്പോൾ എതിരെ വന്ന ലോറിയുമായി കൂട്ടിയിടിച്ച് രണ്ടു പേരും തൽക്ഷണം മരിച്ചു.

അവരുടെ ആത്മാക്കൾ സ്വർഗ്ഗത്തിൽ ചെന്നു. വിവാഹം ഉടനെ നടത്താനിരുന്ന അവർ രണ്ടുപേരും കൂടെ ഒന്നിച്ച് ദൈവത്തോടു പറഞ്ഞു ഈ അവസ്ഥയിൽ അവരുടെ വിവഹം സ്വർഗ്ഗത്തിൽ വെച്ച് നടത്തി തരണമെന്ന്. പക്ഷേ, അതിന് ഒരച്ചനോ മെത്രാച്ചനോ സ്വർഗ്ഗത്തിൽ ഇല്ലന്നായി ദൈവം.

ജോസഫ് അച്ചൻ എന്നോട് പറഞ്ഞു നിർത്തിയത്, "ഞാനിനി ഇവിടെ നിന്നും ചെല്ലുന്നതും നോക്കി പാവം പിള്ളേർ കാത്തിരിക്കുകയാണ്, അവരുടെ വിവഹം നടന്നു കിട്ടാൻ."